# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1658

21-01-2014 ൽ മറുപടിയ്ക്ക്

## പോളച്ചിറ ഏലായിലെ പുഞ്ചകൃഷി പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജി.എസ്.ജയലാൽ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പോളച്ചിറ ഏലായിൽ മുൻവർഷം നടത്തിയതുപോലെ വടക്കാഞ്ചേരി മോഡൽ പുഞ്ച കൃഷി ചെയ്യുവാൻ പദ്ധതി ആവിഷ്കരിച്ചിരുന്നുവോ ;<br>എങ്കിൽ വിശദാംശം അറിയിക്കുമോ; | (എ) പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ ചിറക്കര പഞ്ചായത്തിലെ പോളച്ചിറ ഏലായിൽ ജനകീയാസൂത്രണ പദ്ധതി പ്രകാരം ത്രിതല പഞ്ചായത്തുകളുടെ സഹായത്തോടെ 23,12,126 രൂപയുടെ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത ഏലായിൽ കൃഷി ആരംഭിക്കുന്നതിലേക്കായി എന്തെല്ലാം നടപടികളാണ് ബന്ധപ്പെട്ട വകുപ്പ് സ്വീകരിച്ചിരുന്നത്; | (ബി) പോളച്ചിറ ഏലായിൽ ജനവരിയിൽ കൃഷിയിറക്കുന്നതിന് വേണ്ടി 100 ഹെക്ടർ സ്ഥലത്തേക്ക് ആവശ്യമായ 8000 കിലോ നെൽവിത്ത് കേരള സ്റ്റേറ്റ് സീഡ് ഡെവലപ്പ്മെന്റ് അതോറിറ്റിയിൽ നിന്നും വാങ്ങി സൂക്ഷിച്ചിട്ടുണ്ട്. കേടുപാട് സംഭവിച്ചിരുന്ന പെട്ടിയും പറയും പകരം പുതിയ പെട്ടിയും പറയും സ്ഥാപിക്കുകയും വെള്ളം വറ്റിക്കുന്നതിനാവശ്യമായ നടപടികൾ ആരംഭിക്കുകയും ചെയ്തു. |
| (സി) നെൽകൃഷി എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ; കൃഷി നടത്തുന്നതിനും വെള്ളം വറ്റിക്കുന്നതിനും എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ ആയത് എന്താണെന്ന് അറിയിക്കുമോ; | (സി) വെള്ളം വറ്റിച്ചുകഴിഞ്ഞാൽ മാത്രമേ നെൽകൃഷി ആരംഭിക്കുവാൻ കഴിയുകയുള്ളൂ. പോളച്ചിറ ഏലായിലെ വെള്ളം വറ്റിക്കൽ മൂലം പരിസര പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം ഉണ്ടാകുവാൻ സാധ്യത ഉണ്ടെന്നാരോപിച്ച് ചിലർ ബണ്ടുകൾ പൊട്ടിക്കുകയും പാടശേഖര സമിതിയുടെ വെള്ളം വറ്റിക്കൽ തടസ്സപ്പെടുത്തുകയും ചെയ്തതിനാൽ നിലവിൽ വെള്ളം വറ്റിക്കുന്നത് തടസ്സപ്പെട്ടിരിക്കുകയാണ്. |

| | | | |
|---|---|---|---|
| (ഡി) | തടസ്സങ്ങൾ ഒഴിവാക്കി കൃഷി ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (ഡി) | തടസ്സങ്ങൾ ഒഴിവാക്കുന്നതിനായി ബഹു.ചാത്തന്നൂർ എം.എൽ.എ യുടേയും ചിറക്കര പഞ്ചായത്ത് രാഷ്ട്രീയ പ്രതിനിധി കളുടേയും കർഷക പ്രതിനിധികളുടേയും ഒരു യോഗം കൊല്ലം ജില്ലാ കളക്ടറുടെ ക്യാമ്പാഫീസിൽ വച്ച് 05-01-2014 ന് ചർച്ച നടത്തുകയുണ്ടായി. ഈ യോഗത്തിൽ ഗ്രാമ-ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരും പങ്കെടുക്കുകയുണ്ടായി. കൃഷി തടസ്സം വരാതെ നടത്തുമെന്ന് യോഗം തീരുമാനിച്ചെങ്കിലും വെള്ളം വറ്റിക്കുവാൻ സാധിക്കാത്തതിനാൽ ഇപ്പോഴും തടസ്സം നിലനിൽക്കുകയാണ്. |
| (ഇ) | മുൻവർഷം എത്ര ഏക്കർ സ്ഥലത്ത് കൃഷി ചെയ്തിരുന്നുവെന്നും എത്ര ടൺ നെല്ല് ലഭ്യമായെന്നും വ്യക്തമാക്കുമോ? | (ഇ) | കഴിഞ്ഞ വർഷം (2012-2013) 100 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുകയുണ്ടായി. 350 മെട്രിക് ടൺ വിളവ് ലഭിക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ